G- 520769

കേരള സർക്കാർ

ഭാരതീയ ചികിത്സാവകുപ്പ്
**Indian Systems of Medicine**
Govt. of Kerala

# പൗരാവകാശരേഖ

കേരള സർക്കാർ
സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് – ഭാരതീയ ചികിത്സാവകുപ്പിലെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.929/2013/ആ.കു.വ. തീയതി, തിരുവനന്തപുരം,19.03.2013

---

പരാമർശം: 1) 21.12.1999 ലെ ജി.ഒ.(എം.എസ്) നം. 30/1999/പി.&എ.ആർ.ഡി.
2) ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 19.4.2012- ലെ ജി-8863/08 നമ്പർ കത്ത്.
3) 19.12.12- ലെ ജി.ഒ.(ആർ.റ്റി) നം. 4155/12/ആ.കു.വ.

## ഉത്തരവ്

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മേൽ പരാമർശിത കത്ത് പ്രകാരം പ്രസ്തുത വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുവാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് സർക്കാർ ഉത്തരവിന്റെ വ്യവസ്ഥകൾ അനുസരിച്ച് 3 – ാം പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി 7.1.2013ന് യോഗം ചേർന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജോക്കോസ് പണിക്കർ പി. ഐ,
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം
പി & എ.ആർ.ഡി (യു.ഒ നം. 842/എ.ആർ 12 (i) /13/P&ARD dtd 7.2.2013)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# പൗരാവകാശരേഖ

## ആമുഖം

17-ാം നൂറ്റാണ്ടുവരെ ആരോഗ്യ രംഗത്തും ചികിത്സാരംഗത്തും പൂർണ്ണ മേധാവിത്വം സ്ഥാപിച്ചിരുന്ന ആയുർവേദ ശാസ്ത്രം ബ്രിട്ടീഷ് അധിനിവേശത്തോടെ അലോപ്പതി ചികിത്സയുടെ കടന്നുകയറ്റത്താൽ അടിച്ചമർത്തപ്പെട്ടു. ഭാരതീയ ചികിത്സാ വകുപ്പ് വർഷങ്ങൾക്ക് മുൻപ് വളരെ പരിമിതമായ അവസ്ഥയിൽ ആരംഭിച്ചത് ഇന്ന് കേരളം മുഴുവൻ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഒരുപോലെയും ഉൾനാടൻ ഗ്രാമങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ ജനതയുടെ ആരോഗ്യപരിപാലനകേന്ദ്രങ്ങളുമായി ഒരുപോലെ വളർന്ന് വളരെ പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. 120 ആശുപത്രി കളുടെയും 793 ഡിസ്പെൻസറികളുടെയും 249 എൻ.ആർ.എച്ച്.എം താല്ക്കാ ലികഡിസ്പെൻസറികളുടെയും നിയന്ത്രണ അധികാര കേന്ദ്രമായി തിരുവനന്തപുരം ആരോഗ്യഭവൻ ആസ്ഥാനമായ ഭാരതീയ ചികിത്സാ വകുപ്പ് കാര്യാലയം പ്രവർത്തിക്കുന്നു. ഡയറക്ടർ മേലധികാരിയായിട്ടുള്ള ടി കാര്യാലയത്തിൻ കീഴിൽ ഓരോ ജില്ലയുടേയും ഭരണ നിർവ്വഹണം ഏകോപിപ്പിച്ച് ജില്ലാ മെഡിക്കൽ ആഫീസർ നേതൃത്വം നൽകുന്ന ജില്ലാ മെഡിക്കൽ ആഫീസുകൾ പ്രവർത്തിക്കുന്നു.

കേരളത്തിന്റെ തനതു ചികിത്സാ സമ്പ്രദായമായ ആയുർവേദ ചികിത്സയെ കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഭരണ നവീകരണത്തിന്റെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പ് പുറത്തിറക്കുന്ന പൗരാവകാശരേഖയാണ് ഇത്. ഈ വകുപ്പിൽ നിന്നും എന്തെല്ലാം സേവനങ്ങൾ ലഭ്യമാണെന്ന് ഈ രേഖയിൽ ഉൾക്കൊള്ളുന്നു. ചികിത്സയ്ക്കും സേവനത്തിനുമായി വകുപ്പിനെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ഈ രേഖയിൽ നിന്നും അറിയാൻ സാധിക്കും.

പ്രതീക്ഷയോടെ ഭാരതീയ ചികിത്സാ വകുപ്പിന്റെ ഈ പൗരാവകാശരേഖ കേരളീയ സമൂഹത്തിനായി സമർപ്പിക്കുന്നു.

# വകുപ്പിന്റെ ഘടന

ഡയറക്ടറേറ്റ്

14 ജില്ലാ ആഫീസുകൾ

120 ആശുപത്രികൾ

793 ഡിസ്പെൻസറികൾ

249 എൻ.ആർ.എച്ച്.എം താല്ക്കാലിക ഡിസ്പെൻസറികൾ

# ഡയറക്ടറേറ്റ്

1. **ഡയറക്ടർ:-**

(i) വകുപ്പ് മേധാവി ഡയറക്ടറാണ്.

(ii) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആയുർവേദ ആശുപത്രികളുടേയും ഡിസ്പൻസറികളുടേയും 14 ജില്ലാ മെഡിക്കൽ ആഫീസുകളുടേയും മേൽനോട്ടവും നിയന്ത്രണവും

(iii) വകുപ്പിലെ മുഴുവൻ ജീവനക്കാരുടേയും ഭരണപരമായ നിയന്ത്രണം

(iv) വിവരാവകാശ നിയമ പ്രകാരം ഈ വകുപ്പിലെ അപ്പലേറ്റ് അധികാരി

രണ്ടു ജോയിന്റ് ഡയറക്ടർമാർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, അക്കണ്ട്സ് ആഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർ ഭരണ നിർവ്വഹണത്തിൽ ഡയറക്ടറെ സഹായിക്കുന്നു.

## ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

1) വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിൽ നടപടി

2) ആയുർവേദ വിദ്യാർത്ഥികൾക്കുള്ള ഇന്റേൺഷിപ്പ് അനുവദിക്കൽ (കേരളത്തിനു പുറത്തുള്ള ആയുർവേദ കോളേജുകളിൽ ബി.എ.എം.എസ് പഠിച്ചിറങ്ങുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവൺമെന്റ്, എയിഡഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും ഇന്റേൺഷിപ്പ് അനുവദിക്കൽ)

3) സർക്കാർ ഉത്തരവുകൾക്ക് വിധേയമായി വൈദ്യന്മാർക്ക് ഗ്രാന്റ് അനുവദിക്കൽ

4) കേന്ദ്ര സർക്കാരിൽ നിന്നും പദ്ധതി തുക അനുവദിച്ച് സംസ്ഥാനതലത്തിൽ പദ്ധതികൾ നടപ്പിലാക്കൽ

5) ഗവൺമെന്റ് ആയുർവേദ സ്ഥാപനങ്ങളില്ലാത്ത പഞ്ചായത്തുകളിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കൽ

6) സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ തയ്യാറാക്കൽ

7) അടിയന്തിര ഘട്ടങ്ങളിൽ പൊതു ജനങ്ങൾക്കു വൈദ്യ സഹായം നൽകൽ.

8) തീർത്ഥാടന കേന്ദ്രങ്ങളിൽ താല്ക്കാലിക സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കൽ

9) ഗവൺമെന്റ് ജീവനക്കാരുടെയും അവരുടെ ആശ്രിതരുടെയും 50,000/- രൂപയിൽ കൂടുതൽ വരുന്ന റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ അനുവദിച്ച് നൽകൽ

10) ജില്ലകളിൽ നിന്ന് വരുന്ന രണ്ടാം വൈദ്യപരിശോധനയിൽ പരാതിയുള്ള പക്ഷം വീണ്ടും വൈദ്യ പരിശോധന നടത്തി തീർപ്പ് കൽപ്പിക്കൽ

11) സംസ്ഥാനതല പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഏകോപനം നിർവഹിക്കൽ.

<u>ജില്ലാ മെഡിക്കലാഫീസർ:-</u>

1. ജില്ലയിലെ സ്ഥാപനങ്ങളുടെ ഭരണത്തലവൻ ജില്ലാ മെഡിക്കൽ ആഫീസറാണ്
2. ജില്ലയിലെ ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും നിയന്ത്രണവും മേൽനോട്ടവും
3. ജില്ലാ പബ്ളിക് ഇൻഫർമേഷൻ ആഫീസറായി പ്രവർത്തിക്കുന്നു
4. ജില്ലയിലെ രണ്ടാം വൈദ്യ പരിശോധന നടത്തുന്നതിനുള്ള അധികാരം
5. ജില്ലാ പഞ്ചായത്തിലെ ആരോഗ്യ സംബന്ധിയായ ടെക്നിക്കൽ കമ്മിറ്റി അംഗം
6. ഗവൺമെന്റ് ജീവനക്കാരുടേയും അവരുടെ ആശ്രിതരുടേയും 50,000/- രൂപയിൽ താഴെയുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുക
7. അത്യാവശ്യ ഘട്ടങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള അധികാരം
8. ജില്ലയിലെ മിനിസ്റ്റീരിയൽ, പാരാമെഡിക്കൽ, ലാസ്റ്റ് ഗ്രേഡ്, പാർട്ട് ടൈം സ്വീപ്പർ എന്നി ജീവനക്കാരുടെ നിയമന അധികാരി
9. മെഡിക്കൽ സർട്ടിഫിക്കറ്റ്/ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകൾ നൽകുന്നു
10. ജില്ലാ വികസന സമിതിയിലും താലൂക്ക് വികസന സമിതികളിലും ഉന്നയിക്കുന്ന പരാതികൾ പരിഹരിക്കുക

11. ജില്ലയിലെ ഗവൺമെന്റ് ആയുർവേദസ്ഥാപനങ്ങളിൽ പരിശോധന നടത്തൽ, ക്രമക്കേടുകൾ ഉണ്ടെങ്കിൽ അവ പരിശോധിച്ച് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കൽ
12. ജില്ലയിൽ ആകസ്മികമായി പൊട്ടിപുറപ്പെടുന്ന പകർച്ചവ്യാധികൾ നിയന്ത്രിക്കുകയും ആവശ്യമായ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും നടത്തുന്നതിന് ടാസ്ക് ഫോഴ്സിനെ സുസജ്ജമാക്കി നിർത്തുക
13. ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് വികസന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുക
14. ജില്ലയ്ക്ക് ലഭിക്കുന്ന ഫണ്ടുകൾ (പ്ലാൻ ആന്റ് നോൺ പ്ലാൻ) നിയമാനുസൃതമായും പൂർണ്ണമായും ചെലവഴിക്കുക
15. ആയുർവേദ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് പ്രോത്സാഹനം നല്കുക

## ആശുപത്രികൾ

| | | |
|---|---|---|
| സ്ഥാപന മേധാവി | : | സൂപ്രണ്ട്/ ചീഫ് മെഡിക്കൽ ഓഫീസർ/സീനിയർ മെഡിക്കൽ ഓഫീസർ/ മെഡിക്കൽ ഓഫീസർ |
| പ്രവൃത്തി സമയം | : | 24 മണിക്കൂർ |
| ഒ.പി.സമയം | : | രാവിലെ 9 A.M to 1 P.M<br>2 P.M to 3 P.M |

## സേവനങ്ങൾ:

1. ഒ.പി : സൗജന്യ ചികിത്സയും ഔഷധ വിതരണവും,
2. ഐ.പി : പാവപ്പെട്ട രോഗികൾക്ക് (ബി.പി.എൽ) സൗജന്യമായി ചികിത്സ, ഔഷധം, ഭക്ഷണം, താമസം
3. എ.പി.എൽ : സൗജന്യ ചികിത്സ, ഔഷധം
4. സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി കൊടുക്കാനുള്ള അധികാരം
5. മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം
6. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പിലാക്കൽ, ബ്ലോക്ക്തല ടെക്നിക്കൽ കമ്മിറ്റി അംഗം
7. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ രൂപീകരണവും നടത്തിപ്പും
8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അത്യാവശ്യ ഘട്ടങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തൽ, പ്രോജക്ടുകളുടെ നിർവ്വഹണം, നടത്തിപ്പ് തുടങ്ങിയ കാര്യങ്ങൾ

9. <u>സ്പെഷ്യാലിറ്റി</u>

പഞ്ചകർമ്മ, മർമ്മ, വിഷ, നേത്ര, സിദ്ധ, പ്രകൃതിചികിത്സാ, മാനസികരോഗം, സിക്കിൾസെൽഅനീമിയ എന്നീ സ്പെഷ്യാലിറ്റി ചികിത്സ തിരഞ്ഞെടുത്ത ആശുപത്രികളിൽ ലഭ്യമാണ്. മുതിർന്ന പൗരൻമാർക്ക് ക്യൂ നിൽക്കേണ്ട ആവശ്യമില്ല.

10. ആശുപത്രി കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളും ആദായങ്ങളും ജില്ലാ മെഡിക്കലാഫീസറുടെ അംഗീകാരത്തിനു വിധേയമായി ലേലം ചെയ്യുന്നതിനുള്ള അധികാരം.

11. ആശുപത്രികളിലെ ചാർജ്ജ് മെഡിക്കലാഫീസർമാർ പബ്ലിക് ഇൻഫർമേഷൻ ആഫീസറായും സേവനം അനുഷ്ഠിക്കുന്നു

12. **HDC/HMC** തീരുമാനങ്ങൾ നിലവിലുള്ള ഉത്തരവുകൾക്കും/മേലധികാരികളുടെ നിർദ്ദേശങ്ങൾക്കും വിധേയമായി നടപ്പിലാക്കുന്നതിനുള്ള അധികാരം.

## <u>ഡിസ്പെൻസറികൾ</u>

പ്രവൃത്തി സമയം : **9 A.M to 1 P.M**

**2 P.M to 3 P.M**

സേവനങ്ങൾ

1) രോഗികൾക്ക് സൗജന്യമായി ചികിത്സയും ഔഷധവും നൽകുന്നു
2) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ
3) മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകുന്നു
4) പഞ്ചായത്തുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നു
5) ഡിസ്പെൻസറിയിലെ മെഡിക്കലാഫീസർ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയും സേവനം അനുഷ്ടിക്കുന്നു
6) പഞ്ചായത്തിന്റെയും ജില്ലാമെഡിക്കൽ ഓഫീസറുടേയും നിർദ്ദേശപ്രകാരം മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കണ ക്ലാസുൾ തുടങ്ങിയവ നടത്തുന്നു.

9. <u>സ്പെഷ്യാലിറ്റി</u>

പഞ്ചകർമ്മ, മർമ്മ, വിഷ, നേത്ര, സിദ്ധ, പ്രകൃതിചികിത്സാ, മാനസികരോഗം, സിക്കിൾസെൽഅനീമിയ എന്നീ സ്പെഷ്യാലിറ്റി ചികിത്സ തിരഞ്ഞെടുത്ത ആശുപത്രികളിൽ ലഭ്യമാണ്. മുതിർന്ന പൗരൻമാർക്ക് ക്യൂ നിൽക്കേണ്ട ആവശ്യമില്ല.

10. ആശുപത്രി കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളും ആദായങ്ങളും ജില്ലാ മെഡിക്കലാഫീസറുടെ അംഗീകാരത്തിനു വിധേയമായി ലേലം ചെയ്യുന്നതിനുള്ള അധികാരം.
11. ആശുപത്രികളിലെ ചാർജ്ജ് മെഡിക്കലാഫീസർമാർ പബ്ലിക് ഇൻഫർമേഷൻ ആഫീസറായും സേവനം അനുഷ്ഠിക്കുന്നു
12. **HDC/HMC** തീരുമാനങ്ങൾ നിലവിലുള്ള ഉത്തരവുകൾക്കും/മേലധികാരികളുടെ നിർദ്ദേശങ്ങൾക്കും വിധേയമായി നടപ്പിലാക്കുന്നതിനുള്ള അധികാരം.

## <u>ഡിസ്പെൻസറികൾ</u>

പ്രവൃത്തി സമയം : **9 A.M to 1 P.M**

**2 P.M to 3 P.M**

സേവനങ്ങൾ

1) രോഗികൾക്ക് സൗജന്യമായി ചികിത്സയും ഔഷധവും നൽകുന്നു
2) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ
3) മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകുന്നു
4) പഞ്ചായത്തുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നു
5) ഡിസ്പെൻസറിയിലെ മെഡിക്കലാഫീസർ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയും സേവനം അനുഷ്ടിക്കുന്നു
6) പഞ്ചായത്തിന്റെയും ജില്ലാമെഡിക്കൽ ഓഫീസറുടേയും നിർദ്ദേശപ്രകാരം മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കണ ക്ലാസുൾ തുടങ്ങിയവ നടത്തുന്നു.